**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

**വഞ്ചിയൂർ പി ഒ, തിരുവനന്തപുരം പിൻ – 695035 ഇ മെയിൽ: dhskerala.hlth@kerala.gov.in**

**വെബ്സൈറ്റ് : www.dhs.kerala.gov.in ഫോൺ. 0471-2302490, 2303025**

---

DHS/12345/2023-FWA4 തീയതി.13-02-2024

## <u>സർക്കുലർ</u>

വിഷയം:- ആരോഗ്യവകുപ്പ് – ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 2 തസ്തികയിൽ നിന്നും ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 1 തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം – സ്ഥലം മാറ്റത്തിന് അപേക്ഷിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. സഉ (സാധാ) 1662/2017/ആകുവ തീയതി. 14.06.2017

2. ഉത്തരവ് നം. DHS/12345/2023-FWA4 തീയതി. 14.12.2023, 06.01.2024

3. ജില്ലാ മെഡിക്കൽ ഓഫീസർമാർ മുഖാന്തിരം സ്ഥലം മാറ്റത്തിനായും ജില്ലകളിൽ നിലനിർത്തുന്നതിനും ലഭ്യമായ ജീവനക്കാരുടെ അപേക്ഷകൾ

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 2 തസ്തികയിൽ നിന്നും ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 1 തസ്തികയിലേയ്ക്ക് സൂചന (2) പ്രകാരം സ്ഥാനക്കയറ്റം നൽകിയിരുന്നു. ജെപിഎച്ച്എൻ ഗ്രേഡ് 1, ജെപിഎച്ച്എൻ ഗ്രേഡ് 2 തസ്തികകളുടെ 1:1 അനുപാതം ജില്ലാതലത്തിൽ ക്രമീകരിക്കുന്നതിന്റെ ഭാഗമായാണ് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 1 തസ്തികയുടെ ഒഴിവുകൾ നിലവിലുള്ള ജില്ലകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി സ്ഥലം മാറ്റം അനുവദിച്ചിട്ടുള്ളത്. സ്ഥാനക്കയറ്റം നൽകി സ്ഥലംമാറ്റിയ ജീവനക്കാർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 2 തസ്തികയിൽ ജോലി ചെയ്ത ജില്ലയിൽ നിലനിർത്തുന്നതിനും, ജില്ലാ തല പിഎസ്സ്സി നിയമനം നേടിയ ജില്ലയിൽ നിന്നും മാതൃ ജില്ലയിലേയ്ക്ക് സ്ഥലം മാറ്റം അനുവദിക്കുന്നതിന് ജീവനക്കാരും അപേക്ഷ സമർപ്പിക്കുന്നുണ്ട്. സൂചന (1) പ്രകാരമുള്ള സ്ഥാനക്കയറ്റം സ്വീകരിച്ച ശേഷം സ്ഥലം മാറ്റം ആവശ്യമുള്ള ജീവനക്കാർ ഉചിതമാർഗ്ഗേന സ്ഥലം മാറ്റത്തിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി തുടർനടപടി സ്വീകരിക്കുന്നതാണെന്നും സൂചന (2) പ്രകാരമുള്ള ഉത്തരവിലെ സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് അപ്പീലായി സമർപ്പിച്ച അപേക്ഷകൾ പരിഗണിക്കുന്നതിന് നിർവ്വാഹമില്ലെന്നുമുള്ള വിവരം അറിയിക്കുന്നു.

Signed by
Dr. Jayasree V
Date: 13-02-2024 17:06:22

DR. JAYASREE V,
ADDITIONAL DIRECTOR OF HEALTH SERVICES
ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്,

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
2. ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്കും (വെബ് സൈറ്റ് മുഖേന).
3. ബന്ധപ്പെട്ട ജീവനക്കാർക്ക് (വെബ് സൈറ്റ് മുഖേന).

പകർപ്പ്,

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്
2. ഫയൽ

I/155903/2024